(രണ്ട് നർമ്മ കഥകൾ)

# ഉൽപ്പത്തി 2:18

ലോകത്തിലെ സമ്പന്നമായ ഒരു രാഷ്ട്രത്തിൽ മലയാളികൾ കുടിയേറി പാർത്തു. ഏദൻ തോട്ടം പോലെ സമ്രുദ്ധമായിരുന്നത്രെ ആ സ്ഥലം. അവിടെ കുടിയേറി പാർത്ത പുരുഷന്മാരിൽ അധികം പേരും എഴുത്തുകാരായി. അവരുടെ ധാരാളം കലാസ്രുഷ്ടികൾ പുറത്ത് വന്നു. മറ്റൊരു രാജ്യത്തുമുള്ള മലയാളികൾക്കില്ലാത്ത ഈ അനുഗ്രഹം എങ്ങനെ ഇവർക്കുണ്ടായി എന്നറിയാൻ ജനം ദൈവത്തെ സമീപിച്ചു. ദൈവം അവരോട് ചോദിച്ചു. നിങ്ങൾ ഉൽപ്പത്തി അദ്ധ്യായം രണ്ടു, വാക്യം പതിനെട്ട് വായിച്ചിട്ടുണ്ടൊ? എല്ലാവരും ഉണ്ടെന്ന് പറഞ്ഞു.

എങ്കിൽ അതെന്നെ കേൾപ്പിക്കിൻ.

“അനന്തരം യഹോവയായ ദൈവം മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല, ഞാൻ അവനു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും.’’ ആളുകൾ അത് വായിച്ച് കഴിഞ്ഞപ്പോൾ ദൈവം അവരോട് പറഞ്ഞു. ഞാൻ നിങ്ങൾക്കൊക്കെ തുണയും ഉണ്ടാക്കി. എന്നാൽ പ്രസ്തുത രാജ്യത്ത് കുടിയേറി പാർത്തവരുടെ ഭാര്യമാർ ഒന്നും രണ്ടും ഡ്യൂട്ടിക്ക് പോയി ആദാമുകളെ വീണ്ടും ഏകരാക്കിയപ്പോൾ ഞാൻ അവർക്ക് എഴുതാനുള്ള ശക്തി കൊടുക്കുകയായിരുന്നു. അവർ എഴുതട്ടെ. ജനം പ്രസ്തുത രാജ്യത്തേക്ക് ഒരു വിസ സംഘടിപ്പിക്കാൻ എന്താണു മാർഗ്ഗം എന്നാലോചിച്ച്കൊണ്ട് പിരിഞ്ഞു.

# ആയിരത്തൊന്നു രാവുകൾ

സ്വന്തം ജീവൻ നിലനിർത്താനാണു് ഷേഹ്സാദ സുൽത്താനെ കഥ പറഞ്ഞ് കേൾപ്പിച്ചത്. ഓരോ രാത്രിയിലും പുതുമ നിറഞ്ഞ കഥകൾ, അവയുടെ അന്ത്യം വ്യക്തമാക്കാതെ ജിജ്ഞാസയിൽ നിറുത്തുന്ന രീതി. സുൽത്താൻ ആ കഥകൾക്ക് കാതും കൂർപ്പിച്ചിരുന്നു. മൂർച്ചയുള്ള വാൾ ചുമരിലിരുന്ന് തിള്ളങ്ങി. സുന്ദരിയായ ഷേഹ്സാദ കഥകൾ മെനഞ്ഞ് കഥകൾ പറഞ്ഞു. അങ്ങനെ ആയിരത്തിയൊന്നു രാവുകൾ കടന്നു പോയി.

അമേരിക്കൻ മലയാളിയും കഥകൾ, കവിതകൾ, ലേഖനങ്ങൾ തുടങ്ങിയവ എഴുതുന്നു. വായനക്കാരനെന്ന സുൽത്താനു അതിൽ താൽപ്പര്യമില്ല. അയാൾ വാളും എടുക്കുന്നില്ല. എഴുത്തുകാർക്ക് തല പോകുമെന്ന പേടിയില്ല. അതിനാൽ ആയിരത്തി ഒന്നിൽ രാവ് നിൽക്കാൻ പോകുന്നില്ല. എണ്ണമറ്റ രാവുകൾ അവർ കഥ പറയും, കവിത പാടും, ഉപന്യസിക്കും. വായനക്കാരനെന്ന സുൽത്താൻ വാളെടുക്കുകയോ സമ്മാനപ്പൊതിയെടുക്കുകയോ ചെയ്യുന്ന വരെ. ആയിരത്തൊന്നു രാവുകൾ പോലെ ***അമേരിക്കൻ മലയാളികളുടെ എണ്ണമറ്റ രാവുകൾ*** എന്ന കലാസ്രുഷ്ടി വിശ്വോത്തര പ്രസിദ്ധി ആർജ്ജിക്കില്ലെന്നാർക്കറിയാം.

**ശുഭം**